"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഗതാഗത വകുപ്പ്-സംസ്ഥാന ജലഗതാഗത വകുപ്പിന്റെ 8 സ്റ്റീൽ ബോട്ടുകൾ റിപ്പയർ ചെയ്യുന്നതിന് ജലഗതാഗത വകുപ്പ് മെക്കാനിക്കൽ എൻജിനീയർ തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരം അനുമതി നൽകി-ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഗതാഗത(ഡി) വകുപ്പ്**

സ.ഉ.(സാധാ) നം.470/2024/TRANS തീയതി,തിരുവനന്തപുരം, 29-11-2024

പരാമർശം:-
1. 11/01/2020-ലെ സ.ഉ(സാധാ)നം.9/2020/ഗതാഗതം നമ്പർ സർക്കാർ ഉത്തരവ്
2. 03/10/2023-ലെ സഉ(സാധാ)നം.427/2023/ട്രാൻസ് നമ്പർ സർക്കാർ ഉത്തരവ്
3. സംസ്ഥാന ജലഗതാഗത വകുപ്പ് ഡയറക്ടറുടെ 29/02/2024-ലെ SWTDHO/1753/2023-C2 നമ്പർ കത്ത്

**ഉത്തരവ്**

സംസ്ഥാന ജലഗതാഗത വകുപ്പിന്റെ സ്റ്റീൽ ബോട്ടുകൾ റിപ്പയർ ചെയ്യുന്നതിന് നിലവിലെ മാർക്കറ്റ് റേറ്റ് അനുസരിച്ച് തയ്യാറാക്കിയ ഷെഡ്യൂൾ ഓഫ് റേറ്റ്-2019(SOR) തുറമുഖ വകുപ്പും ഇറിഗേഷൻ വകുപ്പും പരിശോധന നടത്തി 11/01/2020-ലെ സ.ഉ(സാധാ)നം.9/2020/ഗതാ സർക്കാർ ഉത്തരവ് പ്രകാരം അംഗീകാരം നൽകിയിരുന്നതായും വകുപ്പിന്റെ പരിമിതമായ യാർഡ് സൗകര്യത്തിൽ റിപ്പയറിനായി വരുന്ന എല്ലാ സ്റ്റീൽ ബോട്ടുകളും റിപ്പയർ ചെയ്യുന്നത് പ്രായോഗികമല്ലാത്തതിനാൽ മതിയായ സൗകര്യങ്ങൾ ഉള്ള വർക്ക്ഷോപ്പുകൾ കണ്ടെത്തുന്നതിലേക്കായി Expression of Interest ഇ-ടെണ്ടർ മുഖേന ക്ഷണിച്ചതിൽ മെ.മാറ്റ്പ്രോപ്പ് എന്ന സ്ഥാപനം SOR-2019 പ്രകാരം വർക്ക് ചെയ്യാൻ തയ്യാറാണെന്ന് അറിയിച്ചിട്ടുള്ളതായും പ്രസ്തുത സാഹചര്യത്തിൽ ജലഗതാഗത വകുപ്പ് മെക്കാനിക്കൽ എൻജിനീയർ തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരം വകുപ്പിന്റെ അധീനതയിലുള്ള 8 സ്റ്റീൽ ബോട്ടുകൾ റിപ്പയർ ചെയ്യുന്നതിന് അനുമതി നൽകണമെന്ന് പരാമർശം (3) പ്രകാരം സംസ്ഥാന ജലഗതാഗത വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാന ജലഗതാഗത വകുപ്പ് മെക്കാനിക്കൽ എൻജിനീയർ തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരം വകുപ്പിന്റെ 8 സ്റ്റീൽ ബോട്ടുകൾ റിപ്പയർ ചെയ്യുന്നതിന് ചുവടെപ്പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി അനുമതി നൽകി ഉത്തരവാകുന്നു.

1. എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള ഓരോ പ്രവൃത്തിയുടെയും അനിവാര്യത ജലസേചന വകുപ്പ് ചീഫ് എഞ്ചിനീയർ (മെക്കാനിക്കൽ) ഉറപ്പാക്കണം.
2. വിഭാവനം ചെയ്യുന്ന എല്ലാ പ്രവർത്തനപരമായ ആവശ്യകതകളും എസ്റ്റിമേറ്റിൽ

ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ജലഗതാഗത വകുപ്പ് ഡയറക്ടർ ഉറപ്പാക്കണം.

3. എസ്റ്റിമേറ്റിലെ ഇനങ്ങളുടെ നിരക്കുകളുടെ കൃത്യത ടെക്നിക്കൽ സാങ്ഷൻ അതോറിറ്റി ഉറപ്പാക്കണം.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
വിജയശ്രീ.കെ.എസ്
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, സംസ്ഥാന ജലഗതാഗത വകുപ്പ്, ആലപ്പുഴ
അക്കൗണ്ടന്റ് ജനറൽ, (ആഡിറ്റ് & എ&ഇ), കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ് ( I&PW-A1/174/2018-FIN dated.19/06/2024 & 25/08/2024)
വെബ്ബ് & ന്യൂമീഡിയ, ഐ &പി ആർ ഡി
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Biju N
സെക്ഷൻ ഓഫീസർ
Date: 29-11-2024 15:21:53